# സ്വർഗ്ഗരാജ്യം

## മത്തായി 13:45,46

**"പിന്നെയും സ്വർഗ്ഗരാജ്യം നല്ല മുത്തു അന്വേഷിക്കുന്ന ഒരു വ്യാപാരിയോടു സദൃശം. അവൻ വിലയേറിയ ഒരു മുത്തു കണ്ടെത്തിയാറെ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു അതു വാങ്ങി."**

'സ്വർഗ്ഗരാജ്യം' എന്തെന്ന് കർത്താവ് പല സാദൃശ്യങ്ങളാൽ വെളിപ്പെടുത്തി. അതിൽ ഒന്നാണല്ലോ നാം വായിച്ചതായ വാക്യം. സ്വർഗ്ഗരാജ്യം നല്ല മുത്ത് അന്വേഷിക്കുന്ന വ്യാപാരിയോടു സദൃശം. വിലയേറിയ മുത്ത് കണ്ടാൽ തനിക്കുള്ളതൊക്കെയും വിറ്റ് അത് വാങ്ങും. 'തനിക്കുള്ളതൊക്കെയും' എന്ന വാക്കിന് വളരെയേറെ ആഴമുണ്ട്. കൈയ്യിലുള്ളത് മുഴുവൻ കൊടുക്കാൻ തയ്യാറാകുന്ന ഒരു ചിത്രം. കാരണം കൈവശം സ്വരൂപിച്ച് വച്ചതിലും ശ്രേഷ്ഠമായതിനെ, വിലയേറിയതിനെ വ്യാപാരി കണ്ടെത്തി.

ക്രിസ്തീയ ജീവിതവും ദൈനംദിനം ഒരു വ്യാപാരം ആകുന്നു. വിലയേറിയ മുത്തിനെ നാം കണ്ടെത്തിയവരാകുന്നുവല്ലോ. മുത്തുകളിൽ മുത്തായ കർതൃകരങ്ങളിലേക്ക് ഓരോദിവസം വിട്ടുകൊടുക്കേണ്ടതിനെ വിട്ടുകൊടുക്കുകയും, ഏറ്റെടുക്കേണ്ടത് കർതൃകരങ്ങളിൽനിന്ന് പ്രാപിച്ചും കൊണ്ടു നടത്തുന്നതായ ഒരു വ്യാപാരം ആകുന്നു ഇത്.

സ്വർഗ്ഗരാജ്യം പരിശുദ്ധാത്മാവിൽ സന്തോഷവും, സമാധാനവും ആകുന്നു. ഈ സന്തോഷവും സമാധാനവും കർത്താവിൽനിന്ന് പൂർണ്ണതോതിൽ അനുഭവിക്കാൻ ദിനംതോറും നടത്തുന്ന ക്രിസ്തീയ ജീവിതത്തിന്റെ ഒരു ഇടപാടാണ് നാം കണ്ടത്. ദൈവീക സമാധാനവും, സന്തോഷവും ഹൃദയത്തിൽ പൂർണ്ണമായി തന്ന് സ്വർഗ്ഗരാജ്യത്തിന്റെ അനുഭവത്തിൽ നമ്മെ നടത്താൻ ദൈവത്തിന്റെ പരിശുദ്ധാത്മാവിനു മാത്രമേ കഴിയൂ. അതുകൊണ്ട് ആത്മാവിനു ചെവികൊടുത്ത്, തനിക്ക് സ്വയം എന്ന് ബോധ്യപ്പെട്ട് പിടിച്ചുവെച്ചിരിക്കുന്നതായ സകലവും ദൈവകരങ്ങളിൽ കൊടുക്കുക എന്നതാകുന്നു സത്യം.

നാം വിലയേറിയതെന്ന് അനുമാനിച്ചുകൊണ്ട്, ജീവിതത്തിൽ താലോലിക്കുന്നതിനെ കർതൃസാന്നിദ്ധ്യം കടന്നുവരുമ്പോൾ തിരിച്ചറിയാൻ കഴിയണം. അതിനായി ദൈനംദിനം, നിമിഷംതോറും യേശുവുമായി നിരന്തരമായ ബന്ധം പുലർത്തിയേ മതിയാകൂ. സ്വയം നീതീകരിച്ച് പലതിൽനിന്നും നമുക്ക് രക്ഷ നേടാം. ലോകപ്രകാരം പ്രീതി സമ്പാദിക്കാം. എന്നാൽ സ്വയത്തിന്റെ ഭാവങ്ങളാകുന്ന സകലവും കൊടുത്ത് മുത്തായ കർത്താവിനെ

വാങ്ങുക അഥവാ നേടിയെടുക്കുക എന്ന വ്യാപാരിയുടെ മനോഭാവം നമുക്ക് ഏറ്റെടുക്കാം.

വിലയേറിയ ജീവിതാനുഭവങ്ങളോ, സാഹചര്യങ്ങളോ ഇന്ന് അനുഭവിക്കുന്നുണ്ടെങ്കിൽ അത് ദൈവകൃപമാത്രം. പുകഴുവാൻ നമുക്ക് ഒന്നുമില്ല. ഇന്ന് വിലയേറിയത് എന്ന് നാം കരുതുന്നത് ജോലിയോ, വിദ്യാഭ്യാസമോ, അനുകൂലമായ ജീവിത സാഹചര്യങ്ങളോ മറ്റെന്തുവോ ആകാം. എന്നാൽ വിലയേറിയവന്റെ ഹിതം ഓരോ വിഷയങ്ങളിലും, ഇടപാടുകളിലും തിരിച്ചറിഞ്ഞ് അതുമാത്രം വാണിജ്യം ചെയ്യാൻ ഇടയാകട്ടെ. ഒരു കൊടുക്കൽ വാങ്ങൽ പ്രക്രിയ, ക്രിസ്ത്യാനിക്ക് ദൈനംദിനം കർത്താവുമായി വളർത്തിയെടുക്കുക എന്നതാണ് വ്യാപാരിയുടെ ചിത്രം നമ്മെ കാണിക്കുന്നത്. ശ്രേഷ്ഠമായതിനെ, വിലയേറിയതിനെ, മഹത്തരമായതിനെ, മുത്തുകളിൽ മുത്തായവനെ കാണുമ്പോൾ നിലമ്പാടടിച്ചുകൊണ്ട് തന്നെത്തന്നെ ഇല്ലാതാക്കി സ്വർഗ്ഗരാജ്യത്തിന്റെ പ്രത്യാശയിലും സന്തോഷസമാധാനത്തിലും നിറയുവാൻ ഇടയാകട്ടെ.

പരാമർശം :

മത്തായി 13:31,32

സ്വർഗ്ഗരാജ്യം കടുകുമണിയോടു സദൃശം; അതു ഒരു മനുഷ്യൻ എടുത്തു തന്റെ വയലിൽ ഇട്ടു. അതു എല്ലാവിത്തിലും ചെറിയതെങ്കിലും വളർന്നു സസ്യങ്ങളിൽ ഏറ്റവും വലുതായി, ആകാശത്തിലെ പറവകൾ വന്നു അതിന്റെ കൊമ്പുകളിൽ വസിപ്പാൻ തക്കവണ്ണം വൃക്ഷമായി തീരുന്നു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 040**